# അമോണിയ അളവ് കൂടിയാൽ

**മത്സ്യം**

**ഡോ. പി.എ. വികാസ്**

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? ഞാൻ സാധാരണ കുളത്തിൽ മത്സ്യക്കൃഷി ചെയ്യുന്നുണ്ട്. 2 മാസമായി മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ട്. ഇപ്പോൾ തൂക്കം ശരാശരി 100 ഗ്രാമിന് മുകളിലായിട്ടുണ്ടാവും. മഴ പെയ്യുമ്പോൾ മീനുകളെല്ലാം പൊന്തി വരുന്നുണ്ട്. അമോണിയ പരിശോധിച്ചപ്പോൾ 7 എന്നാണ് കണ്ടത്. എന്താണ് പെട്ടെന്ന് ചെയ്യേണ്ടത്.*

**രാജു സക്കറിയ, നിരണം.**

● അമോണിയ കൂടിയതും ഓക്സിജന്റെ അളവ് കുറഞ്ഞതും കാരണമാണ് മീനുകളെല്ലാം മുകളിൽ വന്നു നിൽക്കുന്നത്. അതിനാൽ കുളത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള അഴുക്കും മറ്റു മാലിന്യങ്ങളും ചെളി അടിക്കാൻ ഉപയോഗിക്കുന്ന പമ്പ് ഉപയോഗിച്ച് അടിച്ച് പുറത്തു കളയണം. എന്നിട്ട് പുതിയ വെള്ളം ചേർക്കണം. വെള്ളത്തിലെ അമോണിയ അളവു കുറയ്ക്കുന്നതിനായി പ്രോബയോട്ടിക്കുകൾ ഏതെങ്കിലും ചേർക്കണം.

മീനുകൾക്ക് തിരിരൂപത്തിലുള്ള തീറ്റ മാത്രം നൽകുക. വെള്ളത്തിൽ അലിയുന്ന തീറ്റ നൽകരുത്. വെള്ളത്തിൽ ഓക്സിജന്റെ അളവ് കുറവായതിനാൽ എയർ പമ്പ് ഉപയോഗിച്ച് വെള്ളത്തിൽ എയറേഷൻ നൽകുക. മഴ പെയ്യുമ്പോൾ ചുറ്റുമുള്ള പറമ്പുകളിൽനിന്നു ചെളിവെള്ളം കുളത്തിൽ നേരിട്ട് വീഴാതിരിക്കാൻ നടപടിയെടുക്കണം. കുളത്തിന്റെ ബണ്ടിനു മുകളിൽ കുമ്മായപ്പൊടി വിതറിക്കൊടുക്കണം. ●